# പതിമൂന്നാം കേരളനിയമസഭ

## പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നം. 3320 | 16.12.2015 ലെ<br>മറുപടിക്ക് |

### നൂനപക്ഷക്ഷേമ പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ** | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകകാര്യവും നൂനപക്ഷക്ഷേമവും<br>വകുപ്പ മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നടപ്പാക്കിയ നൂനപക്ഷക്ഷേമപദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;<br>(ബി) പ്രസ്തുത പദ്ധതികൾ മുഖേന എത്രപേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്നതിന്റെ വിശദ വിവരം നല്കുമോ; | (എ) യും (ബി) യും | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) മദ്രസ അദ്ധ്യാപക ക്ഷേമത്തിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | മദ്രസ്സാദ്ധ്യാപകരുടെ ക്ഷേമത്തിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പലിശരഹിതമാക്കി.<br>2. മദ്രസ്സാദ്ധ്യാപകർക്ക് 65 വയസ്സ്പൂർത്തിയാകുന്ന മുറയ്ക്ക് പെൻഷൻ.<br>3. മദ്രസ്സാദ്ധ്യാപകരുടെ സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും 10,000/- രൂപ വീതം ധനസഹായം.<br>4. മദ്രസ്സാദ്ധ്യാപകരുടെ മക്കളിൽ എസ്.എസ്.എൽ.സി. പ്ലസ് ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും എ+ നേടുന്ന വിദ്യാർത്ഥികൾക്ക് 2,000/- രൂപ വീതം കാഷ് അവാർഡ്<br>5. മദ്രസ്സാദ്ധ്യാപകർക്ക് ഭവനനിർമ്മാണത്തിന് ന്യൂനപക്ഷ കോർപ്പറേഷനുമായി ചേർന്ന് 2.5 ലക്ഷം രൂപ വരെ പലിശ രഹിത വായ്പ.<br>6. കോർപ്പസ് ഫണ്ട് പലിശരഹിതമാക്കിയത് കൊണ്ടുള്ള നഷ്ടം നികത്താൻ ഈ ഫണ്ടിലേയ്ക്ക് 3,75,33,000/- സംഖ്യ സർക്കാർ വിഹിതമായി അനുവദിച്ചു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

<u>ന്യൂനപക്ഷക്ഷേമപദ്ധതികൾ</u>

1. കോളേജ് വിദ്യാഭ്യാസവകുപ്പ് മുഖേനനടപ്പാക്കുന്ന സി.എച്ച്.മുഹമ്മദ്കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് (തുടർപദ്ധതി).
2. മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി (തുടർപദ്ധതി).
3. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ജലവിതരണ പദ്ധതി (തുടർ പദ്ധതി)
4. സി.എ. / ഐ.സി.ഡബ്ല്യു.എ. / സി.എസ്. കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.(തുടർ പദ്ധതി)
5. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പരിപാടി. (തുടർ പദ്ധതി)
6. ദ്വിവൽസര ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് ഫീ -റീ-ഇംബേഴ്സ് മെന്റ് സ്കീം. (തുടർ പദ്ധതി)
7. ന്യൂനപക്ഷവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണത്തിന് ഹ്രസ്വകാല റിസർച്ച് ഫെല്ലോഷിപ്പ്.
8. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവ/വിവാഹമോചിത/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്ക് ഭവന പദ്ധതി. (തുടർ പദ്ധതി)
9. വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾ, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന ബഹുമുഖ വികസന പദ്ധതി. (തുടർ പദ്ധതി)
10. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും വിവാഹ ധനസഹായ പദ്ധതി.
11. എസ്.എസ്.എൽ.സി.ക്ക് ഉറുദു ഐഛികമായെടുത്ത് എല്ലാ വിഷയങ്ങൾക്കും എ+ നേടിയവർക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.
12. എസ്.എസ്.എൽ.സി. / പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ മദ്രസ്സാദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.
13. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നടത്തുന്ന ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്/ ഹോസ്റ്റൽ ഫീസ് റീഇംബേഴ്സ്മെന്റ് പദ്ധതി.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ആനുകൂല്യം ലഭിച്ചവരുടെ എണ്ണം |
|---|---|---|
| 1 | സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് | പ്രതിവർഷം ശരാശരി 10,000 ത്തിലധികം പേർക്ക് നൽകി വരുന്നു.(ഫ്രെഷ് & റിന്യൂവൽ) |
| 2 | മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി | കാലാവധി പൂർത്തിയാകാത്തതിനാൽ പെൻഷൻ നൽകിത്തുടങ്ങിയിട്ടില്ല. |
| 3 | ജല വിതരണ പദ്ധതി | 2013-14 സാമ്പത്തിക വർഷത്തിൽ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ 16 ചെറുകിട കുടിവെള്ള പദ്ധതിയും , 2014-15 സാമ്പത്തിക വർഷത്തിൽ 42 ചെറുകിട കുടിവെള്ള പദ്ധതിയും , 2015-16 സാമ്പത്തിക വർഷത്തിൽ ആദ്യഘട്ടമായി 33 ചെറുകിട കുടിവെള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. ഇതിന്റെ പ്രയോജനം 10000-ത്തോളം കുടുംബങ്ങൾക്ക് ലഭ്യമാകുന്നു. |
| 4 | സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ്. സ്കോളർഷിപ്പ് | 2013-14 സാമ്പത്തിക വർഷത്തിൽ 198 പേർക്കും, 2014-15 സാമ്പത്തിക വർഷത്തിൽ 521 പേർക്കും ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. |
| 5 | ഐ.റ്റി.സി. ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീം | 2013-14 സാമ്പത്തിക വർഷത്തിൽ 765 പേർക്കും, 2014-15 സാമ്പത്തിക വർഷത്തിൽ 800 പേർക്കും ഇതിന്റെ പ്രയോജനം ലഭിച്ചി ട്ടുണ്ട്. |
| 6 | ഷോർട്ട് ടേം റിസേർച്ച് ഫേല്ലോഷിപ്പ് | 2013-14 സാമ്പത്തിക വർഷത്തിൽ 9 പേർക്കും, 2014-15 സാമ്പത്തിക വർഷത്തിൽ 19 പേർക്കും |

| | | |
|---|---|---|
| | | 2015-16 സാമ്പത്തിക വർഷത്തിൽ 15 പേർക്കും, ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. |
| 7 | മദ്രസ്സാദ്ധ്യാപക ക്ഷേമനിധി അംഗങ്ങൾക്ക് വിവാഹ ധനസഹായ പദ്ധതി. | 2014-15 സാമ്പത്തിക വർഷത്തിൽ 63 പേർക്കും, 2015-16 സാമ്പത്തിക വർഷത്തിൽ 82 പേർക്കും ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. |
| 8 | മദ്രസ്സാദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് | 2014-15 സാമ്പത്തിക വർഷത്തിൽ 22 പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടു ണ്ട്. |
| 9 | സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നടത്തുന്ന ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്/ ഹോസ്റ്റൽ ഫീസ് റീഇംബേഴ്സ്മെന്റ് പദ്ധതി. | 2014-15 സാമ്പത്തിക വർഷത്തിൽ 40 പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. |
| 10 | കരിയർ ഗൈഡൻസ് പദ്ധതി | 2012-13 സാമ്പത്തിക വർഷത്തിൽ 3257 പേർക്കും, 2013-14 സാമ്പത്തിക വർഷത്തിൽ 11387 പേർക്കും, 2014-15 സാമ്പത്തിക വർഷത്തിൽ 30750 പേർക്കും ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. |
| 11 | ഭവന നിർമ്മാണ പദ്ധതി | 2013-14 സാമ്പത്തിക വർഷത്തിൽ 950 കുടുംബങ്ങൾക്കും, 2014-15 സാമ്പത്തിക വർഷത്തിൽ 749 കുടുംബങ്ങൾക്കും, ഇതുവഴി പ്രയോജനം ലഭിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ (ഒന്നാം ഘട്ടം) 748 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. |
| 12 | 2011-12 വർഷത്തിൽ നിർദ്ധനരായ 7599 വിദ്യാർത്ഥികൾക്ക് സൗജന്യ പഠനമേശയുടെയും കസേരയുടെയും വിതരണം നടത്തി. | |
| 13 | **2012-13** സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്താകെ 41 വനിതാ സ്വയംസഹായ സംഘങ്ങൾക്ക് ധനസഹായം നൽകി. ഇതുവഴി 365 പേർക്ക് ജോലി ലഭിച്ചിട്ടു ണ്ട്. | |

**സെക്ഷൻ ഓഫീസർ**